# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

വിദ്യാർത്ഥി പ്രതിനിധികളുമായി വൈസ് ചാൻസലറുടെ ചേമ്പറിൽ 09/10/2018 തീയതിയിൽ നടന്ന യോഗം - ശിപാർശകൾ അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പരീക്ഷാ വിഭാഗം ഇ.എ II സെക്ഷൻ**

നം.459/ഇ എ II/2/231/2018/പരീക്ഷ    തിയതി, പ്രിയദർശിനി ഹിൽസ്, 11 ഒക്ടോബർ 2018

---

പരാമർശം: വിദ്യാർത്ഥി പ്രതിനിധികളുമായി 09/10/2018-നു ഉച്ചയ്ക്ക് 1:30-ന് വൈസ് ചാൻസലറുടെ ചേമ്പറിൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്

**<u>ഉത്തരവ്</u>**

വിദ്യാർത്ഥി പ്രതിനിധികളുമായി 09/10/2018-നു വൈസ് ചാൻസലറുടെ ചേമ്പറിൽ ചേർന്ന യോഗം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

1. സി.ബി.സി.എസ്.എസ് മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്കായി ഫീസ് ഒടുക്കുന്നതിനുള്ള അവസാന തീയതി 12/10/2018 വരെ ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചു.
2. സി.ബി.സി.എസ്.എസ് മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്യുമ്പോൾ കെ.പി.സി.ആർ ആനുകൂല്യമുള്ള വിദ്യാർത്ഥികൾ ഓരോരുത്തർക്കും മുൻ വർഷങ്ങളിൽ അവലംബിച്ചിരുന്ന രീതിയിൽ 125 രൂപ (നൂറ്റി ഇരുപത്തഞ്ചു രൂപാ മാത്രം) ഒടുക്കി അപേക്ഷ സമർപ്പിക്കുന്നതിനും ഇതു വരെ അധിക ഫീസ് ഒടുക്കിയവർക്കു ഫീസ് റീഫണ്ട് ചെയ്യുന്നതിനും തീരുമാനിച്ചു.
3. അപേക്ഷാ ഫോമിന്റെ ഫീസ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നുണ്ടെങ്കിലും ടി തുക സർക്കാരിൽ നിന്നും റീഫണ്ട് ചെയ്യുന്നതായി പ്രതിനിധികൾ അവകാശപ്പെട്ടതിനാൽ, ഇത്തരത്തിൽ സർക്കാർ റീഫണ്ട് ചെയ്യുന്ന അപേക്ഷാ ഫോറം ഫീസ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നുവെന്ന പരാതി പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുവാൻ തീരുമാനിച്ചു.

പ്രസ്തുത തീരുമാനങ്ങൾ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ജോൺ എ**

**അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷാ വിഭാഗം)**

**പരീക്ഷാ കൺട്രോളർക്കു വേണ്ടി**

പകർപ്പ്:

1. വൈസ് ചാൻസലർ /പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
3. ജെ. ആർ I / II / ഡി. ആർ IV / എ .ആർ XI / XIV / XV / XIX (പരീക്ഷ)
4. സി.ഇ സെക്ഷൻ / CETEX / അക്കൌണ്ട്സ് V
5. ഐ ക്യു എ സി /കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

ഫയൽ നം. EA II/2/124/2018